**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201 — 14.06.2019-ലെ മറുപടിയ്ക്ക്

## കായികതാരങ്ങളെ വളർത്തിയെടുക്കാൻ അക്കാദമികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്**<br>**,, ആന്റണി ജോൺ**<br>**,, ഐ.ബി. സതീഷ്**<br>**,, യു.ആർ.പ്രദീപ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും, കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | രാജ്യാന്തര നിലവാരമുള്ള കായികതാരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അക്കാദമികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കായികയിനത്തിനെന്നും എവിടെയെല്ലാമെന്നും അറിയിക്കാമോ; | (എ) | രാജ്യാന്തര നിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ എലൈറ്റ് സ്കീമും ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ്, കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും |

| | | | |
|---|---|---|---|
| | | | റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു.ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ ചുവടെ പറയുന്ന എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം എൽ.എൻ.സി.പി.ഇ-യിൽ അത് ലറ്റിക്സ് പരിശീലന കേന്ദ്രം, തൃശ്ശൂർ ജില്ലയിൽ തൃപ്രയാർ വോളീബോൾ അക്കാഡമി, കണ്ണൂർ ജില്ലയിൽ ബാസ്കറ്റ്ബോൾ അക്കാഡമി എന്നിവ.<br>തിരുവനന്തപുരത്തെ വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് കേന്ദ്രീകരിച്ച് രാജ്യാന്തര നിലവാരമുള്ള ഷൂട്ടിംഗ് അക്കാഡമി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നാഷണൽ റൈഫിൾ അസോസിയേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>നിലവിൽ വയനാട് പ്രവർത്തിക്കുന്ന ആർച്ചറി അക്കാഡമി വിപുലീകരിച്ച് ആദിവാസി മേഖലയിലുൾപ്പെടെയുള്ള കായികതാരങ്ങളെ ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള പ്രകടനങ്ങൾക്കായി പ്രാപ്തരാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു. |
| (ബി) | സ്പോർട്സ് ഹോസ്റ്റലുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ തുടങ്ങിയവ വഴി സ്പോർട്സ് കൗൺസിൽ കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിന് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം സെലക്ഷൻ ട്രയൽസ് നടത്തി കായിക താരങ്ങളെ തെരഞ്ഞെടുത്ത് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ താമസിപ്പിച്ച് മികച്ച കായിക |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകി വരുന്നു. ഇവർക്ക് പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.റൂറൽ കോച്ചിംഗ് സെന്ററുകളിലെ പരിശീലകർക്ക് പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ മാസംതോറും 20,000/-, 15,000/-, 10,000/-രൂപ വീതം വേതനമായി നൽകി വരുന്നുണ്ട്. |
| (സി) | വിദഗ്ധരായ കോച്ചുകളുടെ സേവനം ലഭ്യമാക്കുന്നതിനും യോഗ്യരായവർക്ക് വിദേശ കോച്ചുകളുടെ കീഴിൽ പരിശീലനം ലഭ്യമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; | (സി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ആദ്യ ഘട്ട പരിശീലനം പ്രഗത്ഭരായ ദേശീയ പരിശീലകരാണ് നൽകി വരുന്നത്. ട്രെയിനീസിന്റെ നിലവാരം പരിശോധിച്ച് രണ്ടാം ഘട്ടത്തിൽ അതാത് കായികയിനത്തിന്റെ കമ്മിറ്റി തീരുമാനത്തോടെ പ്രഗത്ഭരായ വിദേശ കോച്ചുകളുടെ സേവനം നൽകുന്നതാണ്.<br>ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ വിദഗ്ധരായ പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വിദേശ പരിശീലകരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഡി) | പുതിയ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്; | (ഡി) | 2019-20 അദ്ധ്യയന വർഷം കാസർഗോഡ് ചായോത്ത് ജി.എച്ച്.എസ്.എസ്, കുന്ദംകുളം ഗവ.ബോയ്സ് എച്ച്.എസ്.എസ്, പത്തനംതിട്ട ഗവ.എച്ച്.എസ്.എസ് എന്നിവിടങ്ങളിലായി മൂന്ന് സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | സ്പോർട്സ് ഡിവിഷനുകളുടെ പ്രകടനം ലക്ഷ്യമിട്ട രീതിയിൽ മികവ് നേടാനായിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ? | (ഇ) | ഉണ്ട്. സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ.ജി.വി.രാജ സ്പോർട്സ് സ്കൂൾ,മൈലം, തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണച്ചുമതല പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനായി ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന |

| | | | | |
|---|---|---|---|---|
| | | | | സൗകര്യങ്ങളും ഒരുക്കുകയും മികച്ച കായിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ഹോസ്റ്റലുകൾ, അടുക്കള, ശുചിമുറികൾ, എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങളും ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ഈ സ്കൂളുകളുകളിലെ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി ഏറ്റെടുത്ത വിവിധ പദ്ധതികളുടെ തൽസ്ഥിതി ചുവടെ ചേർക്കുന്നു.<br>1) ജി.വി.രാജ സ്പോർട്സ് സ്കൂളിലേക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br>2) ബാസ്കറ്റ്ബാൾ, ഹോക്കി കോർട്ടുകൾ, ഇൻഡോർ ഹാൾ നവീകരണം എന്നിവ പൂർത്തീകരിച്ച് വരുന്നു.<br>3) ആൺകുട്ടികളുടെ ശുചിമുറികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ക്രിക്കറ്റ് പിച്ച് എന്നിവയുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചു.<br>4) ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചു.<br>5) ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് PU ഫ്ലോറിംഗ് പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.<br>6) വോളീബോൾ കോർട്ട് നവീകരണം പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>7) ജി.വി.രാജ സ്പോർട്സ് സ്കൂളിലെ റീട്ടെയിനിംഗ് വാൾ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>8) സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 9) 6 വരി 400M അത്ലറ്റിക് ട്രാക്ക്, 8 വരി സ്പ്രൈയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>10) സ്പ്രിംഗ്ളർ, സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br>11) സ്കൂളുകളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണ പ്രവൃത്തി അവസാനഘട്ടത്തിലാണ്.<br>കായിക നിലവാരം മെച്ചപ്പെടുത്തിനായി വിദഗ്ധരായ പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വിദേശ പരിശീലകരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**